# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6183** **02.04.2018 ൽ മറുപടിയ്ക്ക്**

### അനെർട്ടിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .എം. വിൻസെന്റ് | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) | |
| (എ) | അനെർട്ടിൽ സി.എം.ഡി. എന്ന സ്ഥാപനം മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിനായി എത്ര തുക സി.എം.ഡി. യ്ക്ക് നൽകി; പ്രസ്തുത സ്ഥാപനം സർക്കാർ നിയമനങ്ങൾ നടത്തുന്ന ഏജൻസിയാണോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അനെർട്ടിന്റെ വിവിധ പ്രോജക്ടുകളിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ 11 പേരെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന നിയോഗിച്ചിട്ടുണ്ട്. ഇതിനായി 5,25,000/- രൂപ സി.എം.ഡിയ്ക്ക് നൽകിയിട്ടുണ്ട്. വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയോഗിക്കുന്നതിനു സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) എന്ന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ചാണ് അനെർട്ടിന്റെ പ്രോജക്ടുകളിലേയ്ക്ക് ആവശ്യമായവരെ നിയോഗിക്കുന്നതിനുള്ള ചുമതല സി.എം.ഡി. യെ ഏൽപ്പിച്ചത്. |
| (ബി) | സി.എം.ഡി മുഖേന നിയമനം ലഭിച്ചവരുടെ പേര്, യോഗ്യത, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഓരോ തസ്തികയ്ക്കും അനെർട്ട് നിഷ്കർഷിച്ച യോഗ്യതകൾ എന്തൊക്കെയാണ്; | (ബി) | സി.എം.ഡി മുഖേന ഒരു വർഷത്തേയ്ക്ക് നിയോഗിച്ചവരുടെ പേര്, യോഗ്യത, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരം **അനുബന്ധം 1** ആയും ഓരോ തസ്തികയ്ക്കും അനെർട്ട് നിഷ്കർഷിച്ച യോഗ്യതകൾ **അനുബന്ധം 2** ആയും ചേർത്തിരിക്കുന്നു. |
| (സി) | മറ്റ് ഏതെല്ലാം ജോലികൾ ആണ് അനെർട്ട് സി.എം.ഡി. യ്ക്ക് നൽകിയതെന്നും ഇതിനായി നൽകിയ തുക എത്രയെന്നും വ്യക്തമാക്കാമോ; | (സി) | **1.** അനെർട്ടിന്റെ ഭാവി പ്രവർത്തനങ്ങൾ, പുന:സംഘടന എന്നിവയെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി.എം.ഡി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 7,37,500/- രൂപ നൽകിയിട്ടുണ്ട്.<br>**2.** സംസ്ഥാനത്തു 140 അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും, അവരുടെ മൂന്നു വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും, |

| | | | |
|---|---|---|---|
| | | | ആവശ്യമായ പരിശീലനം സംഘടിപ്പിക്കുന്നതിനും സി.എം.ഡിയെ ചുതമലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായി സംരംഭം നടത്തുന്നവർക്ക് അർഹമായ സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി 1,40,00,000/- രൂപ സി എം ഡിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | സി.എം.ഡി.യുമായി ബന്ധപ്പെട്ട് അനെർട്ടിൽ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ഏത് പരിപാടിയുമായി ബന്ധപ്പെട്ടെന്നും എത്ര തുകയെക്കുറിച്ചുള്ള അന്വേഷണമാണ് നടക്കുന്നതെന്നും വ്യക്തമാക്കാമോ; | (ഡി) | വിജിലൻസ് & ആന്റി കറപ്ഷ്യൻ ബ്യൂറോ വി. ഇ. 05/16/എസ്. ഐ. യു-2 എന്ന വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ കോർപ്പറേറ്റ് മാനേജ്മെന്റ് സർവ്വീസ് ലഭ്യമാക്കുന്നതിനായി സി.എം.ഡി. യുമായുണ്ടാക്കിയ കരാറും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സി.എം.ഡി.ക്ക് എതിരായി യാതൊരു അന്വേഷണവും നടക്കുന്നില്ല. |
| (ഇ) | അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരമാണ് മേൽ ജോലികൾ ഏൽപ്പിച്ചതെങ്കിൽ വിജിലൻസ് അന്വേഷണം നടക്കുന്ന വിവരം എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ധരിപ്പിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | സി.എം.ഡി.ക്ക് എതിരായി വിജിലൻസ് അന്വേഷണം ഇല്ലാത്തതിനാൽ ജോലികൾ സി. എം. ഡി. യെ ഏല്പിക്കുന്നതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിജിലൻസ് അന്വേഷണം ഇല്ല. |

(signature)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

**സി എം ഡി മുഖേന ഒരു വർഷത്തേയ്ക്ക് നിയോഗിച്ചവരുടെ പേര്, യോഗ്യത, തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച വിവരം**

| ക്രമ നം | പേര് | യോഗ്യത | തസ്തിക | ശമ്പളം |
|---|---|---|---|---|
| 1 | ശ്രീന വല്ലഭൻ | എം ബി എ, പി എച്ച് ഡി ഇൻ മാനേജ്മെന്റ് പരിചയം 11 വർഷം | പ്രോജക്റ്റ് കോ-ഓർഡിനേറ്റർ | 50,000/- |
| 2 | കൃഷ്ണകുമാർ സി | എം ബി എ പരിചയം 16 വർഷം | പ്രോജക്റ്റ് കോ-ഓർഡിനേറ്റർ | 50,000/- |
| 3 | ശ്രീജിത്ത് ജി | ബി കോം, സി എ INTER പരിചയം 6 വർഷം | അക്കൌണ്ട് ഓഫീസർ | 45,000/- |
| 4 | ദേവി ശിവരാമൻ | എം ടെക് (ഇ ഇ) പരിചയം 2 വർഷം 6 മാസം | പ്രോജക്റ്റ് എഞ്ചിനീയർ | 35,000/- |
| 5 | നവീൻ എൻ | എം ടെക് (ഇലക്ട്രോണിക്സ്) പരിചയം 5 വർഷം | പ്രോജക്റ്റ് എഞ്ചിനീയർ | 35,000/- |
| 6 | വിനയ് പി | എം ടെക് (ഇ സി) പരിചയം 2 വർഷം 8 മാസം | റിസർച്ച് ഫെല്ലോ, രാമക്കൽമേട് പ്രോജക്റ്റ് | 35,000/- |
| 7 | സിദ്ധിക്ക് എ | എം കോം, സി എം എ INTERMEDIATE, പരിചയം 5 വർഷം | അക്കൌണ്ടന്റ് | 30,000/- |
| 8 | കൃഷ്ണപ്രിയ എസ് | എം ടെക് (സി എസ്) പരിചയം 1 വർഷം | പ്രോജക്റ്റ് ഓഫീസർ (ഐ റ്റി) | 25,000/- |
| 9 | സൌമ്യ എം എസ് | മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേണലിസം പരിചയം 5 വർഷം | അസിസ്റ്റന്റ് ഐ ഇ സി ഓഫീസർ | 25,000/- |
| 10 | അനീഷ് മോൻ എ | ബി കോം, ഡി സി എ പരിചയം 3 വർഷം | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 15,000/- |
| 11 | ഗീതു ജി | ബി എസ് സി, എം സി എ പരിചയം 10 മാസം | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 15,000/- |

സെക്ഷൻ ഓഫീസർ

**അനുബന്ധം - II**

**ഓരോ തസ്തികയ്ക്കും അനെർട്ട് നിഷ്കർഷിച്ച യോഗ്യതകൾ സംബന്ധിച്ച**

**വിവരം**

| ക്രമ നം | തസ്തിക | യോഗ്യത | പ്രവർത്തി പരിചയം |
|---|---|---|---|
| 1 | അക്കൌണ്ട് ഓഫീസർ | എം കോം/എം ബി എ/ (FIN)/ഡിഗ്രി, with സി എ INTER/ CW A (INTER) | Minimum five years relevant experience |
| 2 | അക്കൌണ്ടന്റ് | MBA(Fin) /M.com with knowledge in Tally | Minimum Three years relevant experience |
| 3 | പ്രോജക്റ്റ് ഓഫീസർ (ഐ റ്റി) | MCA/B.Tech(CS/IT) | Minimum one year experience in web management, Hard ware and Network support |
| 4 | പ്രോജക്റ്റ് എഞ്ചിനീയർ | M.Tech(EC/EE) | Minimum two years relevant experience |
| 5 | റിസർച്ച് ഫെല്ലോ, രാമക്കൽമേട് | M Tech (EC/EE) | Minimum two years relevant experience |
| 6 | അസിസ്റ്റന്റ് ഐ ഇ സി ഓഫീസർ | MCJ/Post Graduate Diploma in Mass Communication or equivalent | Minimum three years relevant experience |
| 7 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | Graduation + DCA/Certification in Computer Word Processing & DTP | Experience if not mandatory. However candidates with minimum on year's relevant experience shall get preference |
| 8 | പ്രോജക്റ്റ് കോ-ഓർഡിനേറ്റർ | Post Graduation in Science/Engineering/MBA (Preference will be given to candidates with specialization in Operations Management) | Minimum ten years relevant experience |

(signature)

ഡയറക്ടർ ഓഫീസർ